പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

372 (1457) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതിക കാരണമതി നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; നടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ ; പാലം നിർമ്മാണത്തിന് നിലവിലുള്ള തടസ്സമെന്തെന്നും ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത പാലത്തിന് സാങ്കേതികാനുമതി നൽകുന്നതിന് മുമ്പായി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ നടത്തി മണ്ണിന്റെ വിദഗ്ധ പരിശോധന നടത്തേണ്ടതുണ്ട്. ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ക്ലിയറൻസ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ദേശീയപാതയിലെ അപകട മരണങ്ങൾ

373 (1458) പ്രൊഫ. ഡി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി ഇടപ്പള്ളി ദേശീയപാതയിൽ പാലക്കര ടോൾ പ്ലാസ പരിസരത്ത് നിരന്തരമായ അപകട മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സർക്കാർ എൻ.എച്ച്.-ന്റെ രണ്ട് വശവും സുരക്ഷാക്രമീകരണത്തിനായി തുക നൽകും എന്ന വസ്തുത അറിയുമോയെന്ന വ്യക്തമാക്കുമോ;

(ഡി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയാണ് വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ, എത്രയും വേഗം തുക അനുവദിച്ച് മണ്ണുത്തി-ഇടപ്പള്ളി ദേശീയപാതയിൽ സുരക്ഷാക്രമീകരണം ഏർപ്പെടുത്തി അപകടമരണം ഒഴിവാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ;വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം അമിതവേഗതയിൽ വാഹനം ഓടിക്കുന്നതും തെറ്റായ രീതിയിലുള്ള ഓവർടേക്കിംഗുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി-ഇ) നിലവിലെ സുരക്ഷാക്രമീകരണങ്ങളിൽ മാറ്റങ്ങളും പുതുതായി ഇപ്പോൾ പരിഗണനയിലില്ല.

എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണം

374 (1459) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി തരുമോ?

(എ) തൃത്താല നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2014-15 പ്രകാരം ഈ കെട്ടിടത്തിന് തുക അനുവദിച്ചിട്ടുണ്ടോ; അനുവദിച്ചിട്ടുണ്ടെങ്കിൽ കെട്ടിട വിഭാഗത്തിന് നിർമ്മാണച്ചുമതല കൈമാറിയിട്ടുണ്ടോ; എങ്കിൽ എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2014-15-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണത്തിന്റെ 15-10-2015-ൽ നടന്ന ആദ്യ ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ആയതിനാൽ റീ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാറാണം ഉടമ്പടി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പൊളമരാമത്ത് റോഡുകൾ

375 (1460) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ വളരെയധികം ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുമരാമത്ത് റോഡുകൾ ഗതികേടായി കിടക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly